# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ. എം. എൽ. പി സ്കൂൾ കളിയാട്ടമുക്ക് |
| വിലാസം | : മൂന്നിയൂർ. പി. ഒ. കളിയാട്ടമുക്ക്, മലപ്പുറം പിൻ: 676311 |
| സ്കൂൾ കോഡ് | : 19413 |
| വിദ്യാഭ്യാസ ഉപജില്ല | : പരപ്പനങ്ങാടി |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി. ആർ. സി | : പരപ്പനങ്ങാടി |
| സി. ആർ. സി | : ജി. എം. യു. പി. എസ് പാറക്കടവ് |
| ഗ്രാമപഞ്ചായത്ത് | : മൂന്നിയൂർ (18-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : തിരൂരങ്ങാടി |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : വള്ളിക്കുന്ന് |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : തിരൂരങ്ങാടി |
| വില്ലേജ് | : മൂന്നിയൂർ |

| | | |
|---|---|---|
| ഇ-മെയിൽ | : | amlpskaliyattamukk@gmail.com |
| ഹെഡ്മിസ്ട്രസ് | : | മഞ്ജുള നായർ. ടി. എസ് |
| ഫോൺ നമ്പർ | : | 9895496752 |
| സ്കൂൾ വിഭാഗം | : | പ്രീപ്രൈമറി (LKG, UKG)<br>ലോവർ പ്രൈമറി (1 മുതൽ 4 വരെ) |
| പഠനമാധ്യമം | : | മലയാളം & ഇംഗ്ലീഷ് |
| അധ്യാപകരുടെ എണ്ണം | : | 16 (ലോവർ പ്രൈമറി)<br>5 (പ്രീപ്രൈമറി) |

# ആമുഖം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ മൂന്നിയൂർ പഞ്ചായത്തിലെ 18-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തൊണ്ണൂറ്റിയഞ്ച് അധ്യയന വർഷങ്ങൾ പൂർത്തിയാക്കിയ കളിയാട്ടമുക്ക് എ.എം.എൽ.പി സ്കൂൾ 1923 നവംബർ ഒന്നിന് കളിയാട്ടമുക്ക് മദ്രസ്സ കെട്ടിടത്തിലായിരുന്നു ആരംഭം കുറിച്ചത്. പരേതനായ ആലി മാസ്റ്ററുടെ പിതാവ് പി. മമ്മുട്ടിയായിരുന്നു വിദ്യാലയത്തിന്റെ സ്ഥാപകൻ. മദ്രസ്സ (ഓത്തുപള്ളിക്കൂടം) എന്ന സങ്കൽപ്പത്തിൽ തുടങ്ങിയതിനാൽ അധ്യാപകർ മൊല്ലാക്കമാരായിരുന്നു. മദ്രസ്സയിൽ വെച്ച് മതപഠനവും സ്കൂൾ പ്രവർത്തനവും ഒരുമിച്ച് പോകുന്നതിലുള്ള അസൗകര്യം കാരണം സ്കൂളിന് പ്രത്യേക കെട്ടിടം ആവശ്യമാണെന്നുള്ള പൊതുജനാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ എ.എം.എൽ.പി. സ്കൂൾ കളിയാട്ടമുക്ക് എന്ന പേരിൽ വിദ്യാലയം പ്രവർത്തിച്ചു തുടങ്ങി. ധർമ്മിഷ്ഠനും സാമൂഹ്യപ്രവർത്തകനുമായ പി.പി. മൊയ്തു ഹാജിയുടെ അക്കാലത്തെ സേവനം ഏറെ സ്മരണീയമാണ്.

1923 കാലഘട്ടത്തിൽ 1 മുതൽ 5 വരെ ക്ലാസുകൾ നടന്നിരുന്നതും ആവശ്യമുള്ള അധ്യാപകരെ നിയമിച്ചിരുന്നതും ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരമായിരുന്നു. വി.കെ.ടി കുഞ്ഞമ്മദ് പോക്കർ സാഹിബ് ഡെപ്യൂട്ടി ഇൻസ്പെക്ടർ എന്ന നിലയിൽ ചെയ്തു തന്ന സേവനം ഇവിടെ സ്മരണീയമാണ്. ആദരണീയനായ കുറുപ്പ് മാസ്റ്റർ, മുഹമ്മദലി മാസ്റ്റർ, നാരായണൻ മാസ്റ്റർ, ആലി മാസ്റ്റർ, പരീദ് കുട്ടി മാസ്റ്റർ, രഘുനാഥൻ മാസ്റ്റർ, പുരുഷോത്തമൻ മാസ്റ്റർ, കാർത്യായനി ടീച്ചർ വിജയകുമാരി അമ്മ ടീച്ചർ, സുസമ്മ ടീച്ചർ, ഷാജി ടീച്ചർ എന്നിവർ വിവിധ കാലഘട്ടത്തിലെ പ്രധാനാധ്യാപകരായിരുന്നു. ആലി മാസ്റ്ററുടെ മരണശേഷം അദ്ദേഹത്തിന്റെ പുത്രൻ പി.പി. മുഹമ്മദ് ഹാജി മാനേജരാവുകയും സ്കൂൾ വൈദ്യുതീകരിക്കുകയും പുതിയ ഓഫീസ് റൂം പണിയുകയും ഉൾപ്പെടെയുള്ള ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. തുടർന്നുള്ള കാലങ്ങളിൽ സ്കൂൾ മൂന്നു നില കെട്ടിടമായി മാറുകയും ചെയ്തു. 550 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു. 21 അധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

വിവര സാങ്കേതിക വിദ്യയുടെ നൂതന യുഗത്തിൽ പ്രൈമറി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറിന്റെ

അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുന്നതി
നും ലോവർ ക്ലാസുകളിൽ കമ്പ്യൂട്ടർ പഠനം
അനിവാര്യമാക്കിയത് കൊണ്ട്, അതിന്റെ നാന്ദി കു
റിക്കുക എന്ന ലക്ഷ്യത്തോടെ 2003 സെപ്തം
ബർ 29ന് നമ്മുടെ സ്കൂളിൽ കമ്പ്യൂട്ടർ പഠനം
ആരംഭിച്ചു. ഇപ്പോഴും തുടർന്ന് പോകുന്നു.
അതാത് ക്ലാസ് അധ്യാപകർ അവരുടെ വിദ്യാർ-
ത്ഥികൾക്ക് കമ്പ്യൂട്ടർ പഠനം നൽകുന്നു. കൂടാതെ
വർഷം തോറും നൂസറി വിദ്യാർത്ഥികൾക്കായി
നടത്തി വരുന്ന അഖില കേരള ടാലന്റ് പരീക്ഷ-
യിൽ ഉന്നതവിജയം കരസ്ഥമാക്കാൻ നമ്മുടെ
വിദ്യാലയത്തിന് കഴിയുന്നുണ്ട്. കലാപരമായ കഴി-
വുകൾ കണ്ടെത്തുന്നതിനും. പ്രോത്സാഹിപ്പിക്കുന്നതി
നും വേണ്ടി 2005ൽ 'കലോത്സവ്' എന്ന പേരിൽ
സ്കൂൾ കലാമേളക്ക് തുടക്കം കുറിക്കുകയും ചെ
യ്തു. പിന്നീട് പഞ്ചായത്ത് തലത്തിലും
സബ് ജില്ലാ തലത്തിലും നടന്നു വരുന്ന കലാമേള
യിൽ മികച്ച പ്രകടനമാണ് നമ്മുടെ സ്കൂൾ കാഴ്
ചവച്ചത് കഴിഞ്ഞ വർഷത്തെ കലാമേളയിൽ
പഞ്ചായത്ത് തലത്തിൽ ജനറൽ വിഭാഗത്തിൽ
4-ാം സ്ഥാനവും അറബിക്കിൽ 1-ാം സ്ഥാനവും
നേടി ഉന്നത വിജയമാണ് നമ്മൾ കൈവരിച്ച
ത്. കായിക രംഗത്തെ മികവ് കണ്ടെത്തുന്നതിനു
വേണ്ടി 2007 മുതൽ സ്പോർട്സ് ഡേ നടത്തുക
യും തുടർന്ന് പഞ്ചായത്ത്, സബ് ജില്ലാ സ്പോർട്സ്

ലിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം 2024-25ൽ പഞ്ചായത്ത് തലത്തിൽ വ്യക്തിഗത ചാമ്പ്യൻ പട്ടവും ഓവറോൾ രണ്ടാം സ്ഥാനവും നമുക്ക് ലഭിച്ചു. കൂടാതെ ശാസ്ത്രമേള, വിദ്യാരംഗം കലാസാഹിത്യവേദിയുടെ മത്സരങ്ങൾ തുടങ്ങി ഒട്ടനവധി മത്സരങ്ങളിൽ പങ്കെടുന്നത് തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

2022ൽ ~~അധ്യാപിക~~ ഹെഡ്മിസ്ട്രസായി വിരമിച്ച അധ്യാപിക ശ്രീമതി സൂസമ്മ ജോൺ സ്കൂളിനായി മികച്ച ഒരു സ്കൂൾ വായനശാല സമർപ്പിച്ചു. തുടർന്ന് ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ അത് ഉപയോഗപ്പെടുത്തി പോരുന്നു. ഡിജിറ്റൽ ലോകത്ത് പഠനം ലളിതവും രസകരവുമാക്കാൻ കാലത്തിനൊത്ത്, കുട്ടികൾക്ക് ചോർന്നു പോകാതെ, മാറ്റത്തിന്റെ പാതയിലേക്ക് മാറാനായി എല്ലാ ക്ലാസ്റൂമുകളും സ്മാർട്ട് ക്ലാസുകളാക്കിമാറ്റി. 2024ൽ KG മുതൽ 4-ാം ക്ലാസുവരെയുള്ള ക്ലാസ് മുറികളിൽ ടി.വിയും പ്രൊജക്ടറും സ്ഥാപിച്ചു. കൂടാതെ സ്ഥലപരിമിതിയിൽ കുട്ടികൾക്കായ് വർണാഭമായ ചിൽഡ്രൻസ് പാർക്കും ഒരുക്കിയിട്ടുണ്ട്.

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലേക്ക് എത്തിക്കുന്നതിന് വേണ്ടി വിജയഭേരിക്ക് 2010ൽ സ്കൂളിൽ തുടക്കം കുറിച്ചു. തുടർന്ന് രണ്ട് കൊല്ലമായ് വിജയസ്പർശം എന്ന പേരിലും ക്ലാസുകളും നടന്നുപോകുന്നു.

അച്ചടക്കവും അർപ്പണബോധവും സ്വയം രക്ഷയും നേടുന്നതിനുവേണ്ടി ഒരു തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2023 മുതൽ സ്കൂളിൽ കരാട്ടെ ക്ലാസ് നടന്നുവരുന്നു. ഗണിതത്തിലും സ്വഭാവരൂപീകരണത്തിനും മറ്റും വേണ്ടി മികച്ച അബാക്കസ് ക്ലാസുകളും 2023 മുതൽ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. അധ്യാപക രക്ഷകർതൃ സമിതിയുടെ നിസ്സീമമായ സഹകരണത്തോടെ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല കാഴ്ചപ്പാടിൽ പശ്ചാത്തല സൗകര്യം വിപുലീകരിക്കുക
- എൽ.കെ.ജി മുതൽ 4-ാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും

പാഠ്യപദ്ധതി അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

> അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

> മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

> 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കൽ.

> സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും മലയാളം, ഇംഗ്ലീഷ്, അറബി എന്നീ ഭാഷകൾ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.

## നിലവിലെ അവസ്ഥാവിശകലനം

### എ) ഭൗതികം (നേട്ടങ്ങൾ)

19 ക്ലാസ് മുറികൾ നിലവിലുണ്ട്. എല്ലാ ക്ലാസ് മുറികളും ഹൈടെക് സംവിധാനത്തിൽ ഒരുക്കിയിട്ടുണ്ട് (നെറ്റ് വർക്ക്, ഇലക്ട്രിഫിക്കേഷൻ) എല്ലാ ക്ലാസ്മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കി

ിട്ടുണ്ട്. 8 ക്ലാസ് മുറികളിൽ പ്രൊജക്ടറും !! ക്ലാസ് മുറികളിൽ എൽ.സി.ഡി ടി.വിയും സ്ഥാപിച്ചിട്ടുണ്ട്. വിശാലമായ ഓഫീസ് റൂം സജ്ജീകരിച്ചിട്ടുണ്ട്. സ്കൂൾ മുഴുവനായും ഇന്റർലോക്ക് ചെയ്തും ഷീറ്റ് ഇട്ടും കുട്ടികൾക്ക് കളിക്കാവുന്ന രീതിയിലാക്കിയിട്ടുണ്ട്. ആധുനികരീതിയിലുള്ള ശൗചാലയം നിർമ്മിച്ചിട്ടുണ്ട്. സ്കൂളിന് വായനമുറിയും കിഡ്സ് പാർക്കും ഉണ്ടാക്കിയിട്ടുണ്ട്. സ്കൂളിന് സ്വന്തമായി വാഹനസൗകര്യവും ഉണ്ട്.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ- നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| സബ്ജക്ട് കൗൺസിൽ | - ക്ലാസ്, എസ്.ആർ.ജി. |
| എസ്.ആർ.ജി | - രണ്ടാഴ്ചയിൽ ഒരിക്കൽ |
| പി ടി എ | - മാസത്തിൽ 1 എക്സിക്യൂട്ടീവ് |
| എം.പി.ടി.എ | - പി.ടി.എ. എക്സിക്യൂട്ടീവിന് ശേഷം. |

| | |
|---|---|
| സ്കൂൾ വികസന സമിതി | വിലയിരുത്തലുകൾ നടത്തുന്നു |
| ജാഗ്രതാസമിതി | വിലയിരുത്തലുകൾ നടത്തുന്നു |
| റിസോഴ്സ് കമ്മറ്റി | . |
| ലൈബ്രറി | നവീകരണം, ശാക്തീകരണം. ക്ലാസ് അധ്യാപകർ വിതരണം ചെയ്യാറുണ്ട്. |
| കമ്പ്യൂട്ടർ ലാബ് | നവീകരണം, ശാക്തീകരണം |
| സയൻസ് ലാബ്<br>ഗണിത ലാബ്<br>സാമൂഹ്യശാസ്ത്ര ലാബ് | പാഠഭാഗവുമായി ബന്ധപ്പെടുത്തി ഉപയോഗപ്പെടുത്തുന്നു. |

b. ഭൗതികം (പരിമിതികൾ)

ഓഡിറ്റോറിയം നിലവിലില്ല. കമ്പ്യൂട്ടർ ലാബ് - ക്ലാസ് മുറിയുണ്ട്. കമ്പ്യൂട്ടറിന്റെ കുറവ്; ലാബ് സൗകര്യങ്ങൾ ഇല്ല. ആധുനിക സൗകര്യങ്ങളോടെയുമുള്ള പാചകപ്പുര ലഭ്യമാക്കണം. പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കണം. കളിസ്ഥലവും ആവശ്യമാണ്. സ്കൂൾ ബസ് പാർക്കിങ്ങിന് സൗകര്യമില്ല.

c. അക്കാദമികം (നേട്ടങ്ങൾ)

വിവിധ തലങ്ങളിൽ നടത്തുന്ന ക്വിസ് മത്സരത്തിൽ വിജയിക്കാനാവുന്നു. കലാകായിക രംഗത്ത്

കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്ത് തലത്തിൽ ജനറൽ വിഭാഗത്തിലും അറബിക് കലോത്സവത്തിലും ഓവറോൾ ചാമ്പ്യൻമാരാവുകയും സബ്ജില്ലാ തലത്തിലും മികച്ച പ്രകടനം കാഴ്ച വക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കായ് ബ്രൈറ്റ്വേഴ്സ് അബാക്കസുമായി സഹകരിച്ച് ആഴ്ചയിൽ ഒരു ദിവസം അബാക്കസ് ക്ലാസ് നടത്തുന്നു. ഇതിലൂടെ ഇന്റർ സ്റ്റേറ്റ്സ് അബാക്കസ് മത്സരങ്ങളിൽ പങ്കെടുക്കാനും മികച്ച നേട്ടം കൈവരിക്കാനും നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് കൊല്ലമായി കുട്ടികളുടെ 'സ്വയം രക്ഷ' എന്ന ലക്ഷ്യത്തോടെ കരാട്ടെ ക്ലാസുകളും നൽകുന്നു.
KG തലത്തിൽ നടത്തിയ ടാലന്റ് റിസർച്ച് പരീക്ഷയിൽ ഉന്നത വിജയം കൈവരിക്കാനും നമ്മുടെ മക്കൾക്ക് സാധിച്ചു. നാലാം ക്ലാസിലെ എൽ. എസ്. എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മുന്നിയൂർ പഞ്ചായത്തിൽ തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തി പോകുന്നു.
ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിൽ പങ്കെടുക്കുകയും. റണ്ണർ അപ്പ്, ടൂർണമെന്റിലെ മികച്ച താരം തുടങ്ങിയ നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്.

ഡി. അക്കാദമികം (പരിമിതികൾ)

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി ശക്തീകരണം, എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ ലാബ് (ശാസ്ത്രം, ഗണിതം) സജ്ജമാക്കണം. കലാ കായിക പഠനത്തിന് അധ്യാപക സേവനം ലഭ്യമല്ല.

# അവസ്ഥാ വിശകലനം

## സ്കൂൾ പ്രവേശനം

| വർഷം | ക്ലാസ് | | | | | സ്കൂൾ |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | പ്രീ-പ്രൈമറി | |
| 2013-14 | 77 | 72 | 93 | 99 | 96 | 437 |
| 2014-15 | 87 | 79 | 71 | 93 | 122 | 452 |
| 2015-16 | 80 | 85 | 78 | 73 | 138 | 454 |
| 2016-17 | 91 | 70 | 84 | 74 | 140 | 459 |
| 2017-18 | 75 | 94 | 69 | 83 | 139 | 460 |
| 2018-19 | 87 | 81 | 99 | 74 | | |
| 2019-20 | 105 | 89 | 84 | 99 | 153 | 377 |
| 2020-21 | 110 | 114 | 92 | 86 | 158 | 402 |
| 2021-22 | | | | | | |
| 2022-23 | | | | | | |
| 2023-24 | | | | | | |
| 2024-25 | | | | | | |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയമാണിത്. എന്നിരുന്നാൽ പോലും പരിമിതികളെല്ലാം മറികടന്ന് സാമൂഹ്യ പങ്കാളിത്തത്തോടെ പല പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. വാർഷികാഘോഷം, ഓണാഘോഷം, ക്രിസ്മസ് ആഘോഷം, ഇഫ്താർ വിരുന്ന് എന്നിവ വളരെ ഗംഭീരമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥി, രക്ഷാകർതൃ സംഗമങ്ങൾ നടത്തുകയും അനുഭവങ്ങൾ പങ്കുവക്കുകയും ചെയ്തു. ഇപ്പോൾ വിദ്യാലയത്തിന്റെ അവസ്ഥ വളരെ മികവാർന്നതാണെന്നും പൊതു പി.ടി.എ, എം.പി.ടി.. ഉള്ളത് കൊണ്ട് സ്കൂൾ ഭൗതികവും അക്കാദമിക മേഖലകളിൽ നല്ല നിലവാരം പുലർത്താനും കഴിയുന്നു. എല്ലാ പരിപാടികളും രക്ഷിതാക്കളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാണ്

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ പ്രീടെസ്റ്റ് നടത്തി മെച്ചപ്പെടുത്തേണ്ട മേഖലകൾ മനസ്സിലാക്കി അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ക്വിസ് മത്സരങ്ങൾ വിജയസ്പർശം

ക്ലാസിലെ വാട്സാപ്പ് ഗ്രൂപ്പുകളുടെ ഉപയോഗവും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്.

അധ്യാപക പരിശീലനങ്ങൾ വളരെ നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ട്. അധ്യാപകരുടെ ഐ.ടി പരിജ്ഞാനം വിവരസാങ്കേതിക വിദ്യ ക്ലാസ് മുറിയിൽ ഫലപ്രദമായി പ്രയോഗിക്കുന്നതിനും കഴിയുന്നുണ്ട്.

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക്ടോപ്പ് | 0 | |
| ലാപ്പ്ടോപ്പ് | 8 | 8 |
| പ്രൊജക്ടർ | 6 | 9 |
| ടി.വി. എൽസിഡി | 10 | 1 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| ഇ-മെയിൽ ഐഡി | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്റൂം | 1·5 | 1 |
| ഇന്ററാക്റ്റീവ് വൈറ്റ് ബോർഡ് | ഇല്ല | 15 |

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | | |
| ആൺകുട്ടികളുടെ ടോയ്ലറ്റ് | | |
| പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | | |
| പ്രധാന അധ്യാപക മുറി | | |
| കമ്പ്യൂട്ടർ ലാബ് | | |
| ചുറ്റുമതിൽ | | |
| കളിസ്ഥലം | | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാൻഡ് | | |
| അടുക്കള | | |

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

=> തുല്യതയും, ഗുണമേന്മയും ഉറപ്പിക്കൽ

=> പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

=> ശുചിത്വം, ദീനാനുകമ്പ, പരസ്പര സഹകരണം, ഐക്യം, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

=> പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽകാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

=> ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.

=> സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

⇒ ലഹരിക്കെതിരായ മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കൽ.

⇒ പൊതുസ്ഥലങ്ങളും പൊതുസ്ഥാപനങ്ങളും കാത്തുസൂക്ഷിക്കേണ്ട കർത്തവ്യം നമ്മുടേതാണെന്ന കാഴ്ചപ്പാട് രൂപപ്പെടുത്തിയെടുക്കൽ

⇒ നിയമങ്ങളും നമ്മുടെ സുരക്ഷക്കാണ് അതു പാലിക്കേണ്ടത് നമ്മുടെ കടമയാണ് എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തി എടുക്കൽ.

⇒ ഡിജിറ്റൽ അച്ചടക്ക ബോധം വളർത്തിയെടുക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ :-

1. എസ്. ആർ. ജി യോഗത്തിൽ ഇളിയാട്ടുമുക്ക് എ. എം. എൽ. പി സ്കൂൾ - അക്കാദമിക പ്ലാൻ രൂപീകരണ ചർച്ച.
2. അക്കാദമിക പ്ലാനിന്റെ രൂപരേഖ തയ്യാറാക്കൽ. ക്ലാസ്, വിഷയാടിസ്ഥാനത്തിൽ അക്കാദമികം, സാമൂഹികം, ഭൗതികം എന്നിവ തരംതിരിച്ചു.
3. കരട് രൂപരേഖ എസ്. ആർജി, പിടി. എ, എം. ടി. എ, ജനപ്രതിനിധികൾ അടങ്ങിയ യോഗത്തിൽ അവതരിപ്പിച്ചു.
4. പുതിയ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ
6. അക്കാദമിക് പ്ലാനിന്റെ ഡിജിറ്റൽ രൂപീകരണം പൂർത്തിയാക്കുന്നു.
7. അക്കാദമിക് പ്ലാനിന്റെ ഡിജിറ്റൽ രൂപീകരണത്തിന്റെ ഉദ്ഘാടനം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഈ വർഷത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം<br>* ലൈബ്രറി ശാക്തീകരണം<br>* വായന പരിപോഷണം<br>* വായനോത്സവം<br>* ഗണിതശേഷി വികസിപ്പിക്കൽ<br>* ജന്മദിനത്തിലൊരു പുസ്തകം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* ദിനാചരണം<br>* കലാ-കായിക പഠനം<br>* IT പഠനം<br>* ഷോർട്ട് ഫിലിം (സാമൂഹിക വിഷയങ്ങൾ)<br>* ഒന്നാം ക്ലാസ് ഒന്നാം തരം<br>* പഠനോത്സവം<br>* റേഡിയോ കോർണർ | * പച്ചക്കറിത്തോട്ടം നിർമ്മാണം.<br>* കമ്പ്യൂട്ടർ ലാബ്<br>* പൂന്തോട്ടം<br>* മാലിന്യ സംസ്കരണം.<br>* ആധുനികവത്കരിച്ച പാചകപ്പുര<br>* കളിസ്ഥലം. | * പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>* ക്ലബുകൾ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വാധ്യാപകർ എന്നിവയുടെ സേവനം<br>* പി.ടി.എ, എം.ടി.എ ശക്തിപ്പെടുത്തൽ<br>* നമ്മൾക്കൊരു കഥ പറയാം - വായനാദിനത്തിന് രക്ഷിതാവും കുട്ടിയും കഥ എഴുതി അവതരിപ്പിക്കൽ<br>* ഭവന സന്ദർശനം<br>* രക്ഷിതാക്കൾക്കും കുട്ടികൾക്കും വേണ്ടി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ |

| | | |
|---|---|---|
| * ഒറിഗാമി ശില്പശാല<br>* നാടകശില്പശാല<br>* പാവനാടകശില്പശാല<br>* ചാർട്ടുകൾ ഒരുക്കൽ (ഗണിതം, ശാസ്ത്രം)<br>* 3-06-025 മുതൽ 13-06-025 വരെ 10 ഊന്നൽ മേഖല പ്രവർത്തനങ്ങൾ (1) | | * ശുചിത്വം, ആരോഗ്യം ബോധവൽക്കരണ ക്ലാസുകൾ<br>* 'വിജയത്തിന് അച്ചടക്കം' വുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ. |

# തനത് സ്കൂൾ പരിപാടികൾ

ഫിലിം ക്ലബ്ബ് :- സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 10 മാസം 10 ഷോർട്ട് ഫിലിം പൂർത്തിയാക്കുക.

2. ഡിജിറ്റൽ വിഭവങ്ങളുടെ നിർമ്മാണം:-

1, 2, 3, 4 ക്ലാസുകളിലെ പാഠപുസ്തകങ്ങളും, അധ്യാപകരുടെ പഠനാസൂത്രണ വിഭവങ്ങളും ഡിജിറ്റൽ രൂപത്തിൽ ആക്കുക.

3. റേഡിയോ കോർണർ :- ജൂൺ 19 വായന ദിനത്തോടനുബന്ധിച്ച് ദിവസവും പത്രവായന എന്ന പരിപാടി ആരംഭിക്കുകയും 3, 4 ക്ലാസിലെ കുട്ടികൾ സ്കൂളിൽ പത്രവായന നടത്തുകയും ചെയ്യുന്നു. തുടർന്ന് ഒരു റേഡിയോ കോർണർ തയ്യാറാക്കി പത്രവായനയോടൊപ്പം സ്കൂളിലെ വിശേഷങ്ങളും ക്ലാസ് വിശേഷങ്ങളും പങ്കുവയ്ക്കുന്നു.

4. ലൈബ്രറി നവീകരണവും ശാക്തീകരണവും:-

ലൈബ്രറിയുടെ ഉപയോഗം എല്ലാ കുട്ടികളിലും എത്തിക്കുന്നതിനായ് സ്കൂൾ ലൈബ്രറി നവീകരിക്കുകയും ലൈബ്രറി ശാക്തീകരണ

ഇതിനായ് ഒരു കുട്ടി ഒരു ബുക്ക് എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. തുടർന്ന് സ്കൂൾ ലൈബ്രറി ഉപയോഗത്തിന് ഒരു Timetable തയ്യാറാക്കി എല്ലാ ക്ലാസുകാർക്കും ഉപകാരപ്രദമാകുന്ന തരത്തിലാക്കുന്നു.

ദിനാചരണം :- ക്ലാസുകൾക്കും സാമൂഹ്യ പ്രാധാന്യമുള്ളതുമായ എല്ലാ ദിനാചരണങ്ങളും നടത്തുന്നു.

ജൂൺ

June - 5 : പരിസ്ഥിതി ദിനം:

* സ്കൂൾ അസംബ്ലിയിൽ പരിസ്ഥിതി ദിന പ്രതിജ്ഞ
* 'കുട്ടി പൂന്തോട്ടം' - ഓരോ ക്ലാസിനും ഓരോ ചെടിയും ചെടിച്ചട്ടിയും.
* പരിസ്ഥിതി ദിന ക്വിസ്
* പോസ്റ്റർ നിർമ്മാണം.

June - 7 - ബക്രീദ് ദിനാഘോഷം.

* മൈലാഞ്ചിയിടൽ
* ഒപ്പന.

June - 19 to 25 വായനാവാരം

* സ്കൂൾതല ക്വിസ് മത്സരം
* 'നമ്മക്കൊരു കഥ പറയാം'. കഥ എഴുത്ത് അവതരണം കുട്ടിയും രക്ഷിതാവും

[illegible]

[illegible]

Std : 1

2025-2026

# ഉള്ളടക്കം


* ആമുഖം
* മലയാളം പ്ലാൻ
* പ്രവർത്തന കലണ്ടർ
* പാട്ടരങ്ങ്
* സംയുക്ത ഡയറി
* റീഡേഴ്സ് തിയേറ്റർ
* വായനോത്സവം
* രചനോത്സവം
* ശില്പശാല
* വിലയിരുത്തൽ
* ഗണിത പ്ലാൻ
* ഇംഗ്ലീഷ് പ്ലാൻ

## ആമുഖം

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലയിൽ എ.എം.എൽ.പി സ്കൂൾ കളിയാട്ടമുക്കിലെ ഒന്നാം ക്ലാസ് കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇത്. ക്ലാസ്സിൽ ആകെയുള്ള കുട്ടികൾ 94 അതിൽ പ്രീ പ്രൈമറിയിൽ പോയ 89 കുട്ടികളും പ്രീപ്രൈമറിയിൽ പോകാത്ത 5 കുട്ടികളുമാണ് ഉള്ളത്. രക്ഷിതാക്കൾ വലിയ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ആണെങ്കിലും വിദ്യാഭ്യാസം കുറവുള്ളവരും ഉണ്ട്. വീടും സാമൂഹിക അന്തരീക്ഷവും വലിയ നിലയിൽ ഉള്ളവരും ഉണ്ട് വളരെ കുറവുള്ളവരും ഉണ്ട്. ഈ കുട്ടികളെ മുൻനിർത്തി ഇവരെ മികച്ചവരാക്കാൻ വേണ്ടി തയ്യാറാക്കിയ മാർഗ്ഗരേഖയാണ് ഇവിടെ കൊടുത്തിരിക്കുന്നത്

ഒന്നാം ക്ലാസ്സിലേയ്ക്ക് കടന്നുവന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാകുക എന്നതാണ് ഞാൻ മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ ഈ രീതിയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ്സിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണു ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3 | വായനോത്സവം | ജൂൺ - മാർച്ച് |
| 4 | കഥോത്സവം | ഡിസംബർ - മാർച്ച് |
| 5 | നിർമാണ ശില്പശാല | ആഗസ്റ്റ് |
| 6 | രചനോത്സവം | ജനുവരി - മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ - മാർച്ച് |

## പാട്ടരങ്ങ്

### ജൂൺ - മാർച്ച്

### ഉപലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണരീതി പ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധ വികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാല്പര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ പൊതുസദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാ വികാസമേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസമേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാനലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

സർഗാത്മക സൗന്ദര്യാത്മക വികാസം [കലാവിദ്യാഭ്യാസം]

പ്രവർത്തന ഘടകങ്ങൾ

* പാട്ടരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.
* ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ

മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു
* പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെയ്ക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
* താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു.
* പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റുചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.
* പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളങ്ങളോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
* സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു.
* പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയേടത്തുനിന്ന് തുടങ്ങുകയും അവർക്ക് തുടരാൻ പാകമായ ഇടത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

## സംയുക്ത ഡയറി

ജൂൺ - മാർച്ച്

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഈ പരിപാടി തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെയും

സംയുക്തഡയറിയെഴുത്ത്. സഹായകമാണ് അവരെ സ്വതന്ത്രരചയിതാക്കളാക്കാൻ

ഉദ്ദേശ്യങ്ങൾ

* കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക
* പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
* കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും, ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
* ആശയാവതരണ രീതിയുടെ ഉയർന്ന ഘട്ടങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേയ്ക്ക് വഴിയൊരുക്കുകയും ചെയ്യുക.

പ്രവർത്തനഘട്ടങ്ങൾ

* ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ
* അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ
* ഡയറിയെഴുത്തുമൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ
* കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ
* സംയുക്തഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ
* സംയുക്ത ഡയറിയുടെ പ്രക്രിയ സംബന്ധിച്ച ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ
* എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കുക
* സ്റ്റാറും ശരിയും സമ്മാനങ്ങളോടെയുള്ള തിരുത്തലും നടത്തുക
* ഡയറിയിൽ ഗുണാത്മകക്കുറിപ്പുകൾ എഴുതൽ
* ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക

കുറിപ്പുകൾ പങ്കിടൽ

* വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട രചനകൾ
* ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണ നൽകാൻ രക്ഷിതാക്കൾ കുറവുള്ള കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറി എങ്കിലും ഉറപ്പാക്കൽ
* സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കുന്നു.
* ഡയറിയുടെ പ്രകാശനം
* 2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഒന്നാം ക്ലാസുകാർക്കെല്ലാം പ്രാതിനിധ്യം വരത്തക്കവിധം തെരഞ്ഞെടുത്ത ഡയറികൾ അച്ചടിച്ച് പ്രസിദ്ധീകരിക്കും
* ക്ലാസ് പി.ടി.എയിൽ തിരുമാനിക്കൽ
* ഓരോ കുട്ടിയുടെയും ഡയറിയിൽ നിന്ന് അച്ചടിക്കേണ്ട ഇനം തെരഞ്ഞെടുക്കാൻ ഉപസമിതിയെ നിയോഗിക്കൽ
* ഡയറി പുസ്തകരൂപത്തിലാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യം ഉള്ളവരുടെ സഹായം തേടൽ.
* ഡയറിയുടെ ഉള്ളടക്കം തിരുമാനിക്കൽ ഡയറി പ്രകാശനം
* ഡയറി പ്രകാശനത്തിയ്യതിയും വേദിയും മുന്നൊരുക്കവും

## വായനോത്സവം

വായനോത്സവത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം.

ഉപലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിൽ എല്ലാ കുട്ടികൾക്കും വായിക്കാനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക
* ആശയ ഗ്രഹണ വായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക
* കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

പ്രവർത്തന ഘട്ടങ്ങൾ

ജൂൺ

* ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ [ഒന്നാം ക്ലാസിലെ കുട്ടികളുടെ നിലവാരത്തിന് യോജിച്ചവ] ചിത്രങ്ങൾ കൂടുതൽ ഉള്ളതും എഴുത്ത് കുറവുള്ളതും തിരഞ്ഞെടുക്കുക
* ക്ലാസ് പി.ടി.എ കൂടുന്നു.

ജൂലൈ

* കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ
* പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു
* രക്ഷിതാവ് വായിച്ചു കേൾപ്പിച്ച കഥ ക്ലാസ്സിൽ പറയുന്നു. [ആശയം [illegible]]
* വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു പേര് എഴുതുന്നു.

ആഗസ്റ്റ്, നവംബർ

* കഥാ പുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു. [ഊഹിച്ച്]

* അമ്മ കഥ വായിക്കുന്നു. ബാക്കി സന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
* അമ്മ ഓരോ പേജിലെ ചിത്രസൂചനങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവടിലൂടെയും വിരൽ ഓടിച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു
* രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.
* ആശയ ചോർച്ച ഇല്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു ആശയ ചോർച്ച ഉണ്ടാവാതിരിക്കാൻ അമ്മ കുട്ടി പറഞ്ഞതിനു- ശേഷം ഇടപെടണം
* ക്ലാസ് പി.ടി.എ യിൽ കഥ അവതരണം.

ഡിസംബർ ഫെബ്രുവരി

* പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മ- യുടെ സഹായത്തോടെ വായിക്കുന്നു.
* രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു [കഥ കുട്ടിയെ ഓർമിപ്പിച്ചുകൊണ്ട്]
* കഥയുടെ ആശയം കുട്ടി തന്നെ വായിച്ചു പറയുന്നു
* ക്ലാസ് പിടിഎയിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.
* പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കൽ

മാർച്ച്

* കഥോത്സവം [വായനയുടെ മൂന്നാം ഘട്ടം]
* രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചുകേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം
* ക്ലാസ് പി.ടി.എയിൽ പുസ്തക വായന, പുസ്തകാവതരണം എന്നിവ നടത്തുന്നു.

ഏപ്രിൽ, മെയ്

* വായനയ്ക്ക് അവധിയില്ല പദ്ധതിയിലൂടെ അവധിക്കാലത്ത് കുട്ടികൾക്ക്

പുസ്തകങ്ങൾ നൽകുന്നു

* വീഡിയോ പങ്കിടൽ
* പുസ്തകത്തെ പരിചയപ്പെടുത്തൽ
* വായിച്ച പുസ്തകത്തിലെ ഉള്ളടക്കം ചിത്രകഥാരൂപത്തിലാക്കൽ
* രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമെഴുതൽ
* സമൂഹവായന രക്ഷിതാവ് കുറച്ചുഭാഗം കുട്ടി കുറച്ചുഭാഗം എന്നിങ്ങനെ ഇടവിട്ട് വായിക്കൽ
* വായിച്ച പുസ്തകം ഇഷ്ടം കഥാപാത്രത്തെ ചിത്രീകരിക്കൽ
* കഥയിലെ കഥാപാത്രത്തെ ഇഷ്ടപ്പെടാനുണ്ടായ കാരണം ഗ്രൂപ്പിൽ അവതരിപ്പിക്കൽ
* സ്വന്തമായ ബാലസാഹിത്യകൃതികൾ രചിച്ചു അതു പ്രകാശിപ്പിക്കൽ

## നിർമ്മാണ ശില്പശാല

പ്രവൃത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റായ അൻപ്പോ ഇൻ റോ എന്ന പാഠത്തോടനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

ഉപലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക
* പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക
* കുട്ടികളെ കലാപരമായ ശേഷിയും ...കരവിരുതും വികസിപ്പിക്കുക

പ്രവർത്തനഘട്ടങ്ങൾ

ക്ലാസ് പി.ടി.എ യിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ

നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ

* നിർമാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ
* നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചുമതലപ്പെടുത്തൽ
* രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം
* എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ് അതിനാൽ കുട്ടികളും രക്ഷിതാക്കളും വേണം
* മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃകനോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം
* നിർമാണ ശില്പശാല തീയതി തീരുമാനിക്കൽ [എല്ലാവർക്കും സൗകര്യമുള്ള ദിവസം]
* ഉദ്ഘാടനച്ചടങ്ങ്
* പ്രചരണം [പോസ്റ്റർ നവമാധ്യമങ്ങളിൽ കുറിപ്പ്]
* നിർമാണശില്പശാലയിൽ ഞാർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം
* നിർമിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം
* കളിപ്പാട്ട നിർമാണശില്പശാല സംയുക്തഡയറിയിലെ ഉള്ളടക്കമാകണം

## റീഡേഴ്സ് തിയറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിനു പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയറ്റർ ഒരുക്കുന്നത്. സഹവർത്തിത വായന ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ഉപലക്ഷ്യങ്ങൾ

* ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക
* വായനയുടെ ആവിഷ്കാര സന്ദർഭം കരുതി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്

പ്രവർത്തനഘട്ടങ്ങൾ

* ക്ലാസ് പി.ടി.എയിൽ ചർച്ചചെയ്യൽ
* റീഡേഴ്സ് തിയറ്റർ ഭാവപ്രകാശനത്തിന്റെ ഭാഗമായിട്ട് പ്രയോഗം ചെയ്യാം
* ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി [സ്ക്രിപ്റ്റ് പങ്കാളിത്ത രചനയിലൂടെ രൂപപ്പെടുത്തും]
* കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തിരഞ്ഞെടുക്കൽ
* കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കാരുടെ തീരുമാനിക്കൽ
* ഓരോരുത്തരും കഥാപാത്രങ്ങളെ തിരഞ്ഞെടുക്കൽ
* കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ [അത് എഴുതി തയ്യാറാക്കാം കഥയിലുള്ളത് അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ]

ആരാണ് അവതാരക[ൻ] എന്നു തീരുമാനിക്കൽ

റിഹേഴ്സൽ ചെയ്യൽ

വായിക്കേണ്ട ക്രമം തീരുമാനിക്കൽ

വേദിയിൽ അവതരണം

റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച ധാരണ രൂപീകരിക്കൽ

## രചനോത്സവം

ആശയാവതരണരീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയപ്രകാശനത്തിന് അനുയോജ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. ഇതിന് പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റുകുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിനു പ്രേരിപ്പിക്കും മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും

ഉപലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്
* സ്വതന്ത്രരചനയ്ക്ക് [ലഘുവാക്യങ്ങളിൽ ആശയപ്രകാശനം] അവസരം ഒരുക്കുക
* അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
  രചനകൾ സമൂഹവുമായി പങ്കിടുക

പ്രവർത്തനഘട്ടങ്ങൾ

* രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല
* ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരഞ്ഞെടുക്കൽ
* ചിത്രങ്ങൾ ആ ചിത്രസന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക

ഓരോ ആഴ്ചയിലും ഒന്നുവീതം എല്ലാകുട്ടികൾക്കും ലഭ്യമാക്കൽ

ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ

കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം

രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കുവേണ്ടി

ഇത് മെച്ചപ്പെടുത്തുകയുമാണ് വേണ്ടത്
* പൊതുവാക്യങ്ങളാക്കാൻ ശേഖരിക്കുക. സംയുക്ത രചനയുമാകാം
* കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകൾ ആവശ്യമെങ്കിൽ തിരുത്തി നൽകി എഡിറ്റിങ്
* എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനാകെ പുസ്തകങ്ങൾ പ്രകാശിപ്പിക്കുന്നു.
* ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കുന്നു
* വായനാ കാർഡുകളാക്കി പ്രസിദ്ധീകരിക്കുന്നു
* അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമാറുന്നു

## വിലയിരുത്തൽ

ഉപലക്ഷ്യങ്ങൾ
* സ്വയം വിലയിരുത്തൽ നടത്താൻ
* പരസ്പരം വിലയിരുത്തൽ: നടത്തിയവ മെച്ചപ്പെടുത്താൻ
* അധ്യാപികയുടെ വിലയിരുത്തൽ: പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കാൻ
* രക്ഷിതാക്കളുടെ വിലയിരുത്തൽ: കുട്ടിയുടെ പഠനമികവ് കണ്ടെത്താൻ
* വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ: ഒന്നാം ക്ലാസിലെ മികവാർന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ
* സമൂഹത്തിന്റെ വിലയിരുത്തൽ: സ്കൂൾ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ

പ്രവർത്തന ഘട്ടങ്ങൾ
* സ്വയം വിലയിരുത്തൽ
  * കുട്ടികൾ തന്റെ എഴുത്ത്, വായന, ഉച്ചാരണം, പൊതുവായവ എന്നിവ സഹപാഠികളുടെയും ടീച്ചറുടെയും എഴുത്ത്, വായന, ഉച്ചാരണം എന്നിവയുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തൽ
  * മുൻ അനുഭവങ്ങൾ/അറിവുകളുമായും അപ്പോൾ ലഭിച്ച പല വാക്കുമായും ബന്ധിപ്പിച്ച് വിലയിരുത്തൽ

താനുൾപ്പെടെയുള്ളവർ വികസിപ്പിച്ച ധാരണ പ്രകാരം സ്വന്തം

പ്രവർത്തനം വിലയിരുത്തൽ

## 2: പഠനോൽപന്ന വിലയിരുത്തൽ

* ഗ്രൂപ്പുകളുടെ അവതരണങ്ങൾ ഉല്പന്നങ്ങൾ എന്നിവ വിലയിരുത്തൽ
* മറ്റുള്ളവരുടെ ഉല്പന്നങ്ങളിലെയും പ്രക്രിയകളിലെയും മികവ് കണ്ടെത്തൽ
* മെച്ചപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ
* വിലയിരുത്തലിനായുള്ള സൂചകങ്ങൾ വികസിപ്പിക്കൽ

## 3: അധ്യാപികയുടെ വിലയിരുത്തൽ

* ലേഖനത്തിന്റെയും വായനയുടെയും പ്രക്രിയക്കിടക്ക് നൽകുന്ന പിന്തുണയും മെച്ചപ്പെടുത്തലും
* ഓരോ പ്രവർത്തനവും വിലയിരുത്തൽ
* ക്ലാസിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ഗവേഷണാത്മക ഇടപെടൽ
* മികവുകൾ ഡോക്യുമെന്റുകളാക്കൽ
* കൃത്യമായ ഫീഡ്ബാക്ക് വാചികവും ലിഖിതവും നൽകൽ
* വ്യക്തിഗത പിന്തുണ ആവശ്യമുള്ളവർക്ക് ലഭ്യമാക്കൽ
* അനുരൂപീകരണ പ്രവർത്തനങ്ങൾ
* പഠനലക്ഷ്യങ്ങളിൽ കുട്ടിയുടെ നില കണ്ടെത്തുന്നതിനുള്ള വൈവിധ്യമുള്ള സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ
  [വാചികാവതരണം, നിരീക്ഷണം, ലിഖിത സന്ദർഭങ്ങൾ]
* ടീച്ചറുടെ സ്വയം വിലയിരുത്തൽ

## 4: രക്ഷിതാക്കളുടെ വിലയിരുത്തൽ

* കുട്ടികളിലുണ്ടായ പുരോഗതി ക്ലാസ് പി.ടി.എ യിൽ പങ്കിടൽ
* ക്ലാസ് പിടിഎയിൽ പങ്കിടേണ്ട പ്രത്യേക പ്രവർത്തനങ്ങൾ [സംയുക്തഡയറി, പഠനോത്സവം തുടങ്ങിയവ] കുട്ടിയുടെ പങ്കാളിത്തവും പ്രകടനവും

ക്ലാസ് പി.ടി.എ.യിൽ കുട്ടികൾ നടത്തുന്ന അവതരണങ്ങൾ വിലയിരുത്തൽ

* രക്ഷിതാക്കളുടെ സ്വയം വിലയിരുത്തൽ

5: വിദ്യാലയത്തിലെ പൊതുപരിപാടികൾ വിലയിരുത്തൽ

* ഒന്നാം ക്ലാസ് കുട്ടികൾ അസംബ്ലി, മറ്റു പൊതുവേദികൾ എന്നിവയിൽ നടത്തുന്ന പ്രകടനങ്ങൾ
* ഒന്നാം ക്ലാസിലെ ഉൽപ്പന്നങ്ങൾ എന്നിവ വിലയിരുത്തൽ

6: സമൂഹത്തിന്റെ വിലയിരുത്തൽ

ഒന്നാം ക്ലാസുകാരുടെ സൃഷ്ടിപര രചനകൾ വിലയിരുത്തൽ

പഠനോത്സവത്തിലെ പ്രകടനങ്ങൾ വിലയിരുത്തൽ

നവമാധ്യമങ്ങളിൽ പങ്കിടുന്ന ഒന്നാം ക്ലാസ് വിശേഷങ്ങൾ വിലയിരുത്തൽ

# ഗണിതം ഗണിതം

ഉപലക്ഷ്യങ്ങൾ

* ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കാൻ
* പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും
* വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
* സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം

പ്രവർത്തന വിശദാംശങ്ങൾ

* ഗണിത കേളികൾ
* മഞ്ചാടി സഞ്ചി
* എന്റെ കുഞ്ഞുപുസ്തകം

ഗണിതകേളികൾ

ക്ലാസ്റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിതകേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു.

## മഞ്ചാടി സഞ്ചി

* രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി-സഞ്ചി.
